ജനതാമന്ത്രിസഭയിലെ ഒരു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ രൂപവൽക്കരിച്ചിട്ടുണ്ടത്രെ. ആ ട്രസ്റ്റിൽ രണ്ടു കോൺഗ്രസ് നേതാക്കൾ ട്രസ്റ്റികളായുണ്ട്. അതിന്റെ ഖജാൻജി ഒരു ചാരായമുതലാളിയാണ്. കൂടുതൽ വിദ്യാർത്ഥികളെ ചേർക്കാൻ തങ്ങളെ അനുവദിക്കണമെന്ന് കർണാടകത്തിലെ എല്ലാ പ്രൈവററ് മെഡിക്കൽ കോളേജുകളും സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

പ്രൈവററ് മെഡിക്കൽ കോളേജുകളിൽ ചുമത്തേണ്ട ഫീസിനെപ്പററി പഠിച്ചു ശുപാർശചെയ്യാൻ നിയമിക്കപ്പെട്ട ഔദ്യോഗികക്കമ്മിററി വിദ്യാർത്ഥികളിൽനിന്ന് ആണ്ടിൽ 35,000 രൂപവരെ ഫീസ് വാങ്ങാമെന്നു നിർദേശിച്ചിട്ടുണ്ടത്രെ. ഇതിനെപ്പററി ഗവൺമെൻറും കോളേജ് മാനേജുമെൻറുകളും തമ്മിൽ ചർച്ചകൾ നടക്കുകയാണെന്ന് റിപ്പോർട്ടുണ്ടായിരുന്നു. എന്നാൽ, ഈ ചർച്ചകളുടെ ഫലം എന്താണെന്നറിയാൻ കാത്തുനില്ക്കാതെ അടുത്ത ആണ്ടിൽ മെഡിക്കൽ കോളേജുകളിൽ ചേരാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളിൽനിന്നു സംഭാവനയെന്ന പേരിലും രജിസ്ട്രേഷൻ ഫീസ് എന്നപേരിൽ വലിയ തുകകൾ ഇതിനകം മാനേജുമെൻറുകൾ വാങ്ങിക്കഴിഞ്ഞതായി പറയപ്പെടുന്നു.

കർണാടകത്തിൽ പ്രൊഫഷണൽ കോളേജുകളിൽ കോഴസ്സമ്പ്രദായം വളർത്തിയെടുത്തത് കോൺഗ്രസ് പാർട്ടിയാണ്. ആ സമ്പ്രദായം അവസാനിപ്പിക്കണമെന്ന് അവിടുത്തെ കോൺഗ്രസ്സുകാർക്ക് ആഗ്രഹമുണ്ടാകുമെന്നു പ്രതീക്ഷിച്ചുകൂടാ. കോഴ നിയന്ത്രിക്കാൻ ഒരു നിയമം ഉണ്ടാക്കിയപ്പോൾ ജനതാപാർട്ടിയുടെ (ഇപ്പോൾ ആ പാർട്ടിയുടെ പേര് ജനതാദൾ എന്നാണ്) ഉദ്ദേശ്യം എന്തായിരുന്നാലും ഇത്രയും വർഷങ്ങൾകൊണ്ട് അവരും കോഴസ്സമ്പ്രദായത്തിന്റെ സമർത്ഥകരായിത്തീർന്നിട്ടുണ്ട് എന്ന് ആ നിയമം നടപ്പിൽവരുത്തുന്നതിൽ അവർ കാണിക്കുന്ന അക്ഷന്തവ്യമായ അലസതയെ മുൻനിർത്തി നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഇപ്പോൾ നിലവിലുള്ള രാഷ്ട്രപതിഭരണത്തിന് ഈ കോഴസമ്പ്രദായം അവസാനിപ്പിക്കാനുള്ള താല്പര്യമോ ഇച്ഛാശക്തിയോ ഉണ്ടായിരിക്കാനിടയില്ല. കോഴ വാങ്ങുന്നവർക്കെന്നപോലെ കോഴ നൽകുന്നവർക്കും കോഴയിൽ നിക്ഷിപ്ത താല്പര്യമുണ്ട്. സേവനത്തിനുള്ള അവസരമെന്ന നിലവിട്ട്, മെഡിക്കൽ–എൻജിനിയറിങ്–പ്രൊഫഷനുകൾ അന്തസ്സിന്റെ ചിഹ്നമായിരിക്കയാണല്ലൊ. തങ്ങളുടെ സന്താനങ്ങൾക്ക് അന്തസ്സു കൈവരുത്താൻ ഒന്നോ രണ്ടോ ലക്ഷം രൂപ കോഴയിനത്തിൽ ചെലവഴിക്കുന്നതിനു ധനികരായ, പ്രത്യേകിച്ചു പുത്തൻപണക്കാരായ രക്ഷിതാക്കൾക്കു സന്തോഷമേ കാണുകയുള്ളു.

ഫലം: കർണാടകത്തിലെ ഉന്നത വിദ്യാഭ്യാസം കോഴയിൽനിന്നു വിമുക്തമാകാൻ പോകുന്നില്ല. 1984-ലെ വിദ്യാഭ്യാസ സ്ഥാപന (തലവരി നിരോധ) നിയമം ആ സ്റ്റേററിലെ കോഴവിദ്യാഭ്യാസത്തിന്റെ ഇരുണ്ട ചരിത്രത്തിൽ ഒരടിക്കുറിപ്പായി, നിർജീവമായി അവശേഷിക്കുമെന്നേ നാം പ്രതീക്ഷിക്കേണ്ടു.

23 ഏപ്രിൽ, 1989

## 9. ജനസംഖ്യാവിദ്യാഭ്യാസം

മനുഷ്യവർഗത്തെ പൊതുവെയും ഇന്ത്യക്കാരായ നമ്മെ പ്രത്യേകിച്ചും ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ ഏററവുമധികം ആപത്ക്കരവും ഏററവുമധികം സങ്കീർണവും അതിനാൽത്തന്നെ പരിഹാരം കാണാൻ ഏററവുമധികം പ്രയാസമുള്ളതുമായ പ്രശ്നം ജനസംഖ്യയുടെ അനിയന്ത്രിതമായ പെരുപ്പമാകുന്നു.

പ്രശ്നപരിഹാരമാണ് വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യമെങ്കിൽ ജനസംഖ്യാവർധനയെന്ന പ്രശ്നത്തിന്റെ ശരിയായ സ്വഭാവം, ജനവർധന നിയന്ത്രണാ

ധീനമാക്കാതിരുന്നാലത്തെ ആപത്ത്, ജനവർധന നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ, ഇവ പ്രായോഗികജീവിതത്തിൽ നടപ്പിൽ വരുത്തുന്നതിൽ ജനങ്ങളിൽ ഓരോരുത്തർക്കുമുള്ള ഉത്തരവാദിത്തം എന്നീ വിഷയങ്ങൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും ഉചിതമായ രൂപത്തിൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതും സാമൂഹ്യശാസ്ത്രങ്ങൾ, ഭാഷകൾ, ഗണിതം, ജീവശാസ്ത്രങ്ങൾ ഭൗതികശാസ്ത്രങ്ങൾ എന്നിവയുടെ പാഠ്യപദ്ധതികളെ ജനസംഖ്യാപ്രശ്നത്തിന്റെ വിവിധ മുഖങ്ങളെ മൂർത്തമായി അവതരിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിൽ പുനസ്സംവിധാനംചെയ്യേണ്ടതുമാണ്.

## ലോകജനസംഖ്യാ പ്രശ്നം

അചല, അനന്ത, സ്ഥിര, ഉർവി, പൃഥ്വി എന്നെല്ലാം ഭൂമിക്കു പേരു നൽകിയ പ്രാചീനർക്ക് ഉണ്ടായിരുന്ന ഭ്രമസങ്കല്പമല്ല 1961–ൽ ആരംഭിച്ച ബാഹ്യാകാശയുഗത്തിലെ മനുഷ്യർക്ക് ഉണ്ടാകേണ്ടത്. താരതമ്യേന ചെറിയ ഒരു അന്തരീക്ഷയാനം മാത്രമാണ് ഭൂമി എന്ന് ഇന്നു നമുക്ക് അറിയാം. ജീവനെ നിലനിർത്തുന്നതിന് ഭൂമിക്കുള്ള കഴിവിന് പരിമിതിയുണ്ട്. കോടിക്കണക്കിനുള്ള ജൈവരൂപങ്ങളിൽ ഒന്നു മാത്രമായ മനുഷ്യൻ മററു ജൈവരൂപങ്ങളെ മുച്ചൂടും നശിപ്പിച്ചു പെരുകുന്നതു് പ്രകൃതിനിയമങ്ങൾക്ക് അനുസൃതമോ ധാർമികമോ അല്ല. അളവിലേറെ ആളുകൾ കയറിയാൽ കപ്പൽ മുങ്ങുകയേയുള്ളു. ഭൂമിയെന്ന ഈ അന്തരീക്ഷക്കപ്പലിൽ കയറാവുന്നതിൽ കൂടുതൽ ആളുകൾ ഇപ്പോൾത്തന്നെ കയറിപ്പററിയിട്ടുണ്ടോ?

ഭൂമിയിൽ മനുഷ്യൻ എന്ന ജീവി ആവിർഭവിച്ചിട്ട് എത്രയോ ദശലക്ഷം വർഷങ്ങൾ ആയെങ്കിലും ജനസംഖ്യാവർദ്ധന ഒരു പ്രശ്നമായിത്തീർന്നതു് അടുത്തകാലത്തു മാത്രമാണ്. ശിലായുഗം അവസാനിച്ച് ലോഹയുഗം ആരംഭിച്ചപ്പോൾ (ഏതാണ്ട് മുപ്പതിനായിരം വർഷങ്ങൾക്കുമുമ്പ്) ഭൂമിയിലാകെ ഒന്നരകോടിയോളം (ഇന്ന് കേരളത്തിലുള്ളതിന്റെ പകുതിയിൽത്താഴെ) ജനങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു എന്ന് ശാസ്ത്രജ്ഞന്മാർ കണക്കാക്കിയിട്ടുണ്ട്. ക്രിസ്തുവർഷാരംഭത്തിൽ (ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പ്) ലോകജനസംഖ്യ ഇരുപത്തഞ്ചു കോടിയോളമായി (ഇതിൽ പകുതി ജനങ്ങൾ ഇപ്പോൾ ഉത്തര ഉത്തരപ്രദേശ് സംസ്ഥാനത്തിൽ മാത്രമുണ്ട്). പിന്നെയും 1830 വർഷമെടുത്തു ലോകജനസംഖ്യ നൂറുകോടിയോളമായി ഉയരാൻ (ഇപ്പോൾ ചൈന എന്ന ഒരൊററ രാജ്യത്തുണ്ട് നൂററിമൂന്നുകോടിയിലേറെ ജനങ്ങൾ. 2000–ാമാണ്ട് ആകുമ്പോഴേക്ക് ഇന്ത്യയിലെ ജനസംഖ്യയും ഏതാണ്ടത്രതന്നെ ആയിക്കൂടായ്കയില്ല).

ക്രിസ്തുവർഷം 1830 മുതൽ ഇക്കഴിഞ്ഞ നൂററമ്പതു വർഷങ്ങളിൽ ലോകജനസംഖ്യാവർദ്ധനയുടെ ഏറെക്കുറെ കൃത്യമായ കണക്കുകളുണ്ട്. ഏതാണ്ട് ഇരുപതു ലക്ഷം (ഒരുപക്ഷേ, അതിലേറെ) വർഷങ്ങൾകൊണ്ട് നൂറുകോടിയിലെത്തിയ മനുഷ്യസംഖ്യ പിന്നീട് പെട്ടെന്നു പൊട്ടിത്തെറിച്ചു വളരാൻ തുടങ്ങി. 1930–ൽ ലോകജനസംഖ്യ ഇരുനൂറു കോടിയായി. അതായത്, 1830 മുതൽ 1930 വരെയുള്ള നൂറു വർഷങ്ങളിൽ മനുഷ്യസംഖ്യ ഇരട്ടിച്ചു. മനുഷ്യസംഖ്യ മുന്നൂറു കോടിയാവാൻ പിന്നീട് മുപ്പത്തിരണ്ടു വർഷങ്ങളേ വേണ്ടിവന്നുള്ളു. മനുഷ്യചരിത്രത്തിൽ ആദ്യത്തെ ഇരുപതു ലക്ഷം വർഷങ്ങൾകൊണ്ടുണ്ടായ മനുഷ്യസംഖ്യാവർധന, 1930 മുതൽ 1962 വരെയുള്ള മുപ്പത്തിരണ്ടു വർഷങ്ങൾക്കുള്ളിൽ ഉണ്ടായി. 1962–നു ശേഷം പതിമ്മൂന്നു വർഷമേ വേണ്ടിവന്നുള്ളു, ലോകജനസംഖ്യയിൽ വീണ്ടും നൂറുകോടി വർധന ഉണ്ടാകാൻ. 1975–ൽ ലോകജനസംഖ്യ നാനൂറുകോടി ആയി. പതിനൊന്നു വർഷത്തിനുശേഷം 1986–ാമാണ്ടിൽ ജീവിച്ചിരിക്കുന്ന മനുഷ്യരുടെ എണ്ണം അഞ്ഞൂറു കോടിയിൽ കവിഞ്ഞു. ഇപ്പോൾ ആണ്ടോടാണ്ട് മനുഷ്യസംഖ്യ പത്തുകോടിയിലേറെ വർധിച്ചുകൊണ്ടിരിക്കുകയാ

ണ്. ചരിത്രത്തിൽ ആദ്യത്തെ ഇരുപതു ലക്ഷം വർഷങ്ങൾകൊണ്ട് മനുഷ്യസംഖ്യയിലുണ്ടായ വർധന ഇപ്പോൾ പത്തു വർഷങ്ങൾകൊണ്ട് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

## ഇന്ത്യയിൽ ജനസംഖ്യാപ്രശ്നം

ഉന്മത്തമായ ഈ മനുഷ്യവർധനയിൽ ഇന്ത്യയുടെ സംഭാവന എന്താണ്?

ക്രിസ്തുവർഷം 1600–ാമാണ്ടിൽ ഇന്ത്യയിൽ പത്തു കോടിയോളം ജനങ്ങൾ ഉണ്ടായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ട്. അതിനു മുമ്പുള്ള നാലോ അഞ്ചോ ആയിരം വർഷങ്ങളിൽ വലിയ ഏററക്കുറച്ചിലുകൾ കൂടാതെ ഇന്ത്യയിലെ ജനസംഖ്യ പത്തുകോടിക്കടുത്ത് ഏറെക്കുറെ സ്ഥിരമായി നിൽക്കുകയായിരുന്നു എന്നാണ് വിശ്വാസം. മുഗൾ കാലഘട്ടത്തിൽ (അതായത് 1600 മുതൽ 1850 വരെയുള്ള ഇരുനൂററമ്പതു വർഷങ്ങളിൽ) ഇന്ത്യയിലെ ജനസംഖ്യ പതിനഞ്ചു കോടിയോളമായി വർധിച്ചു. ബ്രിട്ടീഷ് ആധിപത്യത്തിൽ സമാധാനം നിലവിൽവരുകയും ഗതാഗതം മെച്ചപ്പെടുകയും ആരോഗ്യസേവനസൗകര്യങ്ങൾ നടപ്പിലാവുകയും ചെയ്യതോടെ 1851–ാമാണ്ടിനുശേഷം ഇന്ത്യയിലെ ജനസംഖ്യ വളരെ വേഗത്തിൽ പെരുകാൻ തുടങ്ങി.

1871–72–ലാണ് ഇന്ത്യയിൽ ആദ്യത്തെ ജനഗണന നടന്നത്. അതിനുശേഷമുള്ള അമ്പതു വർഷങ്ങളിൽ (1871–1921) ഇന്ത്യയിലെ ജനസംഖ്യയിൽ ആറു കോടിയോളം വർധന ഉണ്ടായി. ഇന്ത്യൻ ജനസംഖ്യയുടെ ചരിത്രത്തിൽ 1921–ാമാണ്ട് ഒരു യുഗസന്ധിയെ കുറിക്കുന്നു. വലിയ തോതിൽ മരണത്തിനു കാരണമായിരുന്ന ക്ഷാമം, പകർച്ചവ്യാധികൾ എന്നിവയുടെമേൽ ബ്രിട്ടീഷ് സർക്കാർ വിജയം നേടാൻ തുടങ്ങിയത് ആ ആണ്ടുമുതൽക്കാണ്. ഇതിൻഫലമായി 1921 മുതൽ 1951 വരെയുള്ള മുപ്പതാണ്ടുകളിൽ ഇന്ത്യയിലെ ജനസംഖ്യയിൽ പത്തു കോടിയോളം വർധന ഉണ്ടായി.

സ്വാതന്ത്ര്യസമരത്തിന്റെ അവസാന വർഷങ്ങളിൽ അവിഭക്തഭാരതത്തിൽ നാല്പത്തഞ്ചു കോടിയോളം ജനങ്ങളുണ്ടെന്ന് കണക്കാക്കപ്പെട്ടിരുന്നു. വിഭജനത്തിനുശേഷം 1951–ൽ ജനഗണന നടത്തിയപ്പോൾ, പാകിസ്ഥാനും ബംഗ്ലാദേശും ഒഴികെ ഇന്ത്യയിൽ മുപ്പത്തഞ്ചു കോടി എഴുപതു ലക്ഷം ജനങ്ങളുള്ളതായി കണ്ടു. 1951 മുതൽ 1961 വരെയുള്ള പത്തു വർഷങ്ങളിൽ ഇന്ത്യയിലെ ജനസംഖ്യയിൽ ഏഴു കോടി എഴുപതു ലക്ഷം വർധന ഉണ്ടായി. 1961 മുതൽ 1971 വരെ പത്തു വർഷങ്ങളിൽ ഇന്ത്യയിലെ ജനവർധന പത്തു കോടി തൊണ്ണൂറു ലക്ഷമായിരുന്നു. 1971 മുതൽ 1981 വരെയുള്ള പത്തു വർഷങ്ങളിൽ പതിമ്മൂന്നു കോടി അമ്പതുലക്ഷം ജനങ്ങൾ ഇന്ത്യയിൽ കൂടുതലായി ഉണ്ടായി. 1984–ൽ ഇന്ത്യയിലെ ജനസംഖ്യ എഴുപത്തിനാലു കോടി എൺപതു ലക്ഷമായിരുന്നു. ഇത് 1951–ൽ ഇന്ത്യയിലുണ്ടായിരുന്ന ജനസംഖ്യയുടെ ഇരട്ടിയിലേറെയാണ്. 1987–ൽ ഇന്ത്യൻ ജനസംഖ്യ എൺപതു കോടിയിലധികമായിരിക്കണം.

ഈ കണക്കുകളിൽനിന്ന് ഇന്ത്യയിൽ ജനസംഖ്യയുടെ വർധനത്തോത് ആണ്ടോടാണ്ട് ഉയർന്നുകൊണ്ടിരിക്കുകയാണെന്നും ഏറെക്കുറെ മുപ്പതു വർഷത്തിനകം നിലവിലുള്ള ജനസംഖ്യ ഇരട്ടിച്ചുകൊണ്ടിരിക്കുന്നു എന്നും കാണാം. ഈ ത്വരിതമായ വർദ്ധനയെ സ്ഫോടനം, പൊട്ടിത്തെറി എന്നൊക്കെയല്ലാതെ വേറെ ഏതു പേരുകൊണ്ടാണു വിളിക്കേണ്ടത്.

മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കപ്പെട്ടെങ്കിലും ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ ഒരൊററ രാജ്യമാണ് ഇന്ത്യയും പാകിസ്ഥാനും ബംഗ്ലാദേശും. അതിനാൽ, ഇന്ത്യയിലെ ജനസംഖ്യയുടെ കണക്കെടുക്കുമ്പോൾ പാകിസ്ഥാനിലെയും ബംഗ്ലാദേശിലെയും ജനസംഖ്യകൾകൂടി നാം പരിഗണിക്കണം. ബംഗ്ലാദേശിൽ 1986–ൽ പത്തു കോടി പതിനേഴ ലക്ഷവും 1985–ൽ പാകിസ്ഥാനിൽ ഒമ്പതു കോടി അറുപതു ലക്ഷവും ജനങ്ങൾ ഉണ്ടായിരുന്നു.

അങ്ങനെ ഇന്ത്യൻ ഭൂഖണ്ഡത്തിലാകെ ഇപ്പോൾ നൂറു കോടിയോളം ജനങ്ങൾ ജീവിക്കുന്നുണ്ടാവണം. ചൈനയിലെ ജനസംഖ്യ 1985—ൽ നൂററിമൂന്നര കോടിയായിരുന്നു എന്നുകൂടി ഓർക്കുമ്പോഴേ ഇന്ത്യൻ ഭൂഖണ്ഡത്തിലെ ജനപ്പെരുപ്പത്തിന്റെ ചിത്രം പൂർണമാവുകയുള്ളു.

ജനനനിരക്കും മരണനിരക്കും തുല്യമായിരുന്നാൽ ജനസംഖ്യ വർദ്ധിക്കാതെ സ്ഥിരമായി നിൽക്കും. ഇന്ത്യയിൽ ജനനനിരക്ക്, ആയിരം ജനങ്ങൾക്ക് ആണ്ടിൽ 33.3 ജനനം എന്ന തോതിൽ മിക്കവാറും സ്ഥിരമായി നിലനില്ക്കുകയാണ്. (ജനനനിരക്ക് 1985—ൽ 32.9 ആയിരുന്നു). അതേ സമയത്ത് മരണനിരക്ക് ഗണ്യമായ തോതിൽ കുറഞ്ഞും വരുന്നു. 1976—78—ൽ ആയിരം ജനങ്ങൾക്ക് 14.5 മരണം എന്ന തോതിലായിരുന്നു മരണനിരക്ക് (മരണനിരക്ക് 1985—ൽ പുരുഷന്മാർ 11.2, സ്ത്രീകൾ 12.6). മരണനിരക്ക കുറയുമ്പോൾ ജനങ്ങളുടെ ശരാശരി ആയുസ്സ് (ആയുഃപ്രതീക്ഷ) വർധിക്കുന്നു. 1931—ാമാണ്ടിൽ ഇന്ത്യൻ പൗരന്റെ ആയുഃപ്രതീക്ഷ ഇരുപത്തിമൂന്ന് ആയിരുന്നു. 1981—ൽ ഇന്ത്യയിലെ ആയുഃപ്രതീക്ഷ അമ്പത്തിമൂന്നായി വർദ്ധിച്ചു (ആയുഃപ്രതീക്ഷ 1986—ൽ പുരുഷന്മാർക്ക് 56.4, സ്ത്രീകൾക്ക് 54.7). ഇതിനർത്ഥം ഇന്ത്യയിലെ ജനസംഖ്യയിൽ വൃദ്ധന്മാരുടെ അനുപാതം കൂടിവരുന്നു എന്നാണ്. അദ്ധ്വാനിച്ച് സമ്പത്തുണ്ടാക്കാത്തവരും ചികിത്സയും മററുമായി കൂടുതൽ ചെലവു വരുത്തിവെക്കുന്നവരുമായ വൃദ്ധന്മാർ സമ്പദ്‌വ്യവസ്ഥയുടെമേൽ കനത്ത ഭാരമാണു ചുമത്തുന്നത് എന്നു പ്രത്യേകം പറയേണ്ടതില്ല.

ജനനനിരക്ക വർദ്ധിക്കുമ്പോൾ ജനസംഖ്യയിൽ കുട്ടികളുടെ എണ്ണം അധികമാകുന്നു. ഇന്ത്യയിലെ ജനസംഖ്യയിൽ നാല്പത്തിരണ്ടു ശതമാനം കുട്ടികളാണ്. അദ്ധ്വാനിച്ചു സമ്പാദിക്കാത്തവരും, വിദ്യാഭ്യാസത്തിനും മററുമായി കൂടുതൽ ചെലവുവരുത്തിവയ്ക്കുന്നവരുമായ കുട്ടികളും സമ്പദ്‌വ്യവസ്ഥയുടെമേൽ വലിയ സമ്മർദം ചെലുത്തുന്നുണ്ട്.

## കേരളത്തിൽ ജനസംഖ്യാപ്രശ്നം

1956—ൽ കേരളസംസ്ഥാനം രൂപവത്കരിക്കുമ്പോൾ, ഒന്നേകാൽ കോടി കേരളീയരുണ്ടെന്നാണു പറഞ്ഞുവന്നിരുന്നത്. ഇരുപത്തഞ്ചു വർഷം കഴിഞ്ഞ്, 1981—ലെ ജനഗണനപ്രകാരം കേരളത്തിലെ ജനസംഖ്യ രണ്ടു കോടി അമ്പത്തഞ്ചു ലക്ഷത്തോളമായിരുന്നു കാൽനൂററാണ്ടിനകം കേരളത്തിലെ ജനസംഖ്യ ഇരട്ടിച്ചുവെന്നാണ് ഇതിനർത്ഥം. 1989—ൽ കേരളത്തിലെ ജനസംഖ്യ മൂന്നു കോടിയിൽ കവിഞ്ഞിരിക്കണം. കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്രകിലോമീററിന് 655—ൽ അധികമാണ്. ഇന്ത്യയിൽ ഇത്രയേറെ ജനസാന്ദ്രത മറെറാരു സംസ്ഥാനത്തിലുമില്ല.

വർദ്ധിച്ച ജനസംഖ്യ സാമ്പത്തികവികസനത്തിനു വലിയ തടസ്സങ്ങൾ ഉണ്ടാക്കുന്നു. വൻതോതിൽ മൂലധനനിക്ഷേപമില്ലാതെ സാമ്പത്തികവികസനം സാദ്ധ്യമല്ല. സാമ്പത്തികവികസനത്തിന് ആവശ്യമായ മൂലധനം മററു രാജ്യങ്ങളെ കൊള്ളയടിച്ചു സ്വരൂപിക്കാവുന്ന കാലം കഴിഞ്ഞുപോയി. ആഭ്യന്തരവിഭവത്തിൽനിന്ന്, അന്നന്നത്തെ ഉപഭോഗം കഴിഞ്ഞു മിച്ചം ഉണ്ടാക്കിവേണം ഇനിയങ്ങോട്ട് ഓരോ രാജ്യവും മൂലധനം സംഭരിക്കാൻ. പക്ഷേ, മിച്ചം വയ്ക്കുന്നതുപോയിട്ട്, ജനങ്ങൾക്ക ദിവസേന ഒരുനേരം വയറുനിറച്ച് ആഹാരം നൽകാൻതന്നെ വൻതോതിൽ വിദേശങ്ങളിൽനിന്നു കടമെടുക്കേണ്ട ദുരവസ്ഥയിലാണ് നമ്മുടെ രാജ്യമായ ഇന്ത്യ. ഈ സ്ഥിതിയിൽ ഇന്ത്യയിൽ സാമ്പത്തികവികസനം കൂടുതൽക്കൂടുതൽ അസാദ്ധ്യമായി വന്നുകൊണ്ടിരിക്കുകയാണ്.

ജനസംഖ്യാ സമ്മർദം സാമ്പത്തികവികസനത്തെ തടസ്സപ്പെടുത്തുന്നതോടൊപ്പം ദരിദ്രരാജ്യങ്ങളിലെ അതിദുർബലമായ പ്രകൃതിസന്തുലനത്തെ തകരാ

റിച്ചാക്കുകയുംചെയ്യുന്നു. ഇതു നിമിത്തം ജീവൻ നിലനിർത്തുന്നതിനുള്ള ഭൂമിയുടെ കഴിവു് ആണ്ടുതോറും കുറഞ്ഞുവരുന്നു. പെരുകിയ ജനങ്ങൾ കാടുകയറി മരം വെട്ടുന്നതുനിമിത്തം മണ്ണൊലിച്ചു കൃഷിഭൂമികൾ തരിശുനിലങ്ങളായി മാറുന്നു. നദികൾ വററുന്നു; ശുദ്ധജലം ദുർലഭമായിത്തീരുന്നു. ഇതോടൊപ്പം കാലാവസ്ഥയിലും അനാശാസ്യങ്ങളായ മാററങ്ങൾ വന്നുചേരുന്നു. ജനങ്ങളുടെ ചിരന്തനമായ ജീവിതരീതി അട്ടിമറിയുന്നു. ധാർമികമൂല്യങ്ങൾ തകർന്നുപോകുന്ന മനുഷ്യജീവിതംതന്നെ വലിയ അളവിൽ നിരർത്ഥകമായിത്തീരുന്നു.

## നിയന്ത്രണത്തിൻെറ ആവശ്യകത

ഒരു രാജ്യത്തു് എത്ര ജനങ്ങൾ ആവാം? രാജ്യത്തിലെ വിഭവങ്ങൾ, ജനങ്ങൾ പ്രതീക്ഷിക്കുന്ന ജീവിതമേന്മ (ക്വാളിററി ഓഫ് ലൈഫ്) എന്നിവയെ അടിസ്ഥാനമാക്കി മാത്രമെ ഈ ചോദ്യത്തിനു് ഉത്തരം പറയാനാവു: ഒരു രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും ('എല്ലാ' എന്നതിനു് അടിവരയിടുക) വേണ്ടത്ര ഭക്ഷണവും വസ്ത്രവും പാർപ്പിടവും വിദ്യാഭ്യാസവും ആരോഗ്യസേവനവും തൊഴിലും പൊതുസേവനങ്ങളും സാംസ്കാരിക പ്രവർത്തന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനു് എത്ര ജനങ്ങൾ ഉണ്ടായിരിക്കണമോ അത്രയും ജനങ്ങൾ ആണു് ആ രാജ്യത്തിലെ അനുകൂലതമ (ഓപ്ററിമം) ജനസംഖ്യ.

ഭൂമിയിൽ ആകെയുള്ള കരപ്രദേശത്തിൻെറ 2.4 ശതമാനമാണു് ഇന്ത്യയിലെ കരപ്രദേശം. അതിൽ, ലോകജനസംഖ്യയുടെ പതിനഞ്ചു ശതമാനം പാർക്കുന്നു. മൊത്തം ലോകവരുമാനത്തിൻെറ രണ്ടു ശതമാനം മാത്രമാണു് ഇന്ത്യയുടെ മൊത്തം വരുമാനം. ഇതിനർത്ഥം, ലോകജനതയുടെ ശരാശരി വരുമാനത്തിൻെറ ഏഴിലൊന്നിൽ താഴെയാണു് ശരാശരി ഇന്ത്യക്കാരൻെറ വരുമാനം എന്നാണു്. അമേരിക്കൻ ഐക്യരാജ്യങ്ങളുടെ പകുതിയിൽ താഴെ (അഞ്ചിൽ രണ്ടു ഭാഗം) വലിപ്പമേ ഇന്ത്യക്കുള്ളു. അമേരിക്കൻ ഐക്യരാജ്യങ്ങളിലുള്ളതിൽ മൂന്നിരട്ടിയിലേറെ ജനങ്ങൾ ഇന്ത്യയിലുണ്ടു്. മിക്ക സമ്പന്നരാജ്യങ്ങളിലും തൊണ്ണൂററഞ്ചു ശതമാനത്തിലേറെ ജനങ്ങൾ സാക്ഷരരാണെന്നിരിക്കെ, 1981–ലെ ജനഗണന അനുസരിച്ചു മുപ്പത്താറു ശതമാനം ജനങ്ങൾ മാത്രമെ ഇന്ത്യയിൽ സാക്ഷരരായുള്ളു. (പുരുഷസാക്ഷരത 47 ശതമാനം; സ്ത്രീ സാക്ഷരത 26 ശതമാനം). 1981–ൽ ഇന്ത്യയിലാകെ അമ്പത്താറു കോടി തൊണ്ണൂറുലക്ഷത്തിലേറെ(അമേരിക്കൻ ഐക്യനാടുകളിലെ ആകെ ജനസംഖ്യയുടെ ഇരട്ടിയിൽ അല്പം താഴെ) നിരക്ഷരർ ഉണ്ടായിരുന്നു. 1981–നു ശേഷമുള്ള എട്ടു വർഷങ്ങളിൽ ഇന്ത്യയിലെ നിരക്ഷരരുടെ സംഖ്യ പല കോടികൾകൊണ്ടു വർദ്ധിച്ചിരിക്കണം.

ഇന്ത്യയിലെ ഇപ്പോഴത്തെ ജനസംഖ്യ മൂന്നിലൊന്നായി കുറച്ചാൽ (അതായതു് അമ്പതു വർഷംമുമ്പു് ഇവിടെയുണ്ടായിരുന്ന ജനസംഖ്യയിലേക്കു തിരിച്ചുപോകാൻ കഴിഞ്ഞാൽ)ഇപ്പോൾ ലഭ്യമായ പ്രകൃതി–മാനുഷിക–വിഭവങ്ങൾ വെച്ചുകൊണ്ടുതന്നെ ജനങ്ങളുടെ ജീവിതനിലവാരം മൂന്നിരട്ടിയെങ്കിലും ഉയർത്താൻ കഴിയും. എന്നാൽ, ജനസംഖ്യ കുറയ്ക്കുന്നതിനെപ്പററി ആലോചിക്കുവാൻ പോലും നാം ധൈര്യപ്പെട്ടു തുടങ്ങിയിട്ടില്ല. ജനസംഖ്യാവർദ്ധനയുടെ ത്വരണനിരക്കു കുറയ്ക്കാനും, കഴിയുമെങ്കിൽ ജനസംഖ്യാസ്ഥിരത കൈവരുത്തുവാനും മാത്രമെ നാം ആഗ്രഹിക്കുന്നുള്ളു. മിതമായ ഈ ആഗ്രഹംപോലും അടുത്തൊന്നും നടപ്പിലാവാൻ പോവുന്നില്ല.

ഇന്ത്യക്കൊരു ജനസംഖ്യാനയം ഉണ്ടായതു് 1952–ൽ മാത്രമാണു്. ജനനനിരക്കു് ആയിരം ജനങ്ങൾക്കു് ആണ്ടിൽ 37.2 ആയിരുന്നതു്, ആയിരത്തിനു് 21 ആയി കുറയ്ക്കുക എന്ന അതിപരിമിതമായ ലക്ഷ്യത്തോടെ, പഞ്ചവത്സര പദ്ധതിയിൽ കുടുംബാസൂത്രണം എന്ന ഇനം കൂട്ടിച്ചേർത്തതു് 1952–ൽ ആയിരുന്നു. കുടുംബാസൂത്രണപരിപാടിയുടെ വിശദാംശങ്ങളിൽ ചില മാററങ്ങൾ പിന്നീടു വരുത്തുകയുണ്ടായി. ചില വർഷങ്ങളിൽ ചില പ്രദേശങ്ങളിൽ

കുടുംബാസൂത്രണപരിപാടി ഊർജിതമായി നടപ്പിലാക്കാൻ ശ്രമം നടന്നു. മററു ചില വർഷങ്ങളിലും ചില പ്രദേശങ്ങളിലും ഈ പരിപാടി തീരെ ഉപേക്ഷിക്കപ്പെട്ടതായും തോന്നി. ഏതായാലും ഇക്കഴിഞ്ഞ മുപ്പത്താറു വർഷങ്ങളിൽ ജനനനിരക്ക് ആയിരത്തിന് ഇരുപതായി കുറയ്ക്കാൻപോലും ഈ പരിപാടികൊണ്ട് കഴിഞ്ഞിട്ടില്ല. ഇപ്പോൾ മിക്ക സംസ്ഥാനങ്ങളിലും കുടുംബാസൂത്രണപരിപാടിക്ക് ഊർജം നഷ്ടപ്പെട്ടിരിക്കുന്നു. വർദ്ധിച്ചുവരുന്ന ജീവിതയാതനകളുടെയും സമ്മർദങ്ങളുടെയും, ജനവിഭാഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളുടെയും, കുററങ്ങളുടെയും അസ്വസ്ഥതകളുടെയും, ജീവിതസൗകര്യങ്ങളുടെ അനുക്രമസങ്കോചത്തിന്റെയും രൂപത്തിൽ, അനിയന്ത്രിതമായ ജനപ്പെരുപ്പത്തിന്റെ ഫലം നാം അനുഭവിച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു. ജനങ്ങളുടെ ദാരിദ്ര്യവും സ്ത്രീകളുടെ നിരക്ഷരതയും ആകെയുള്ള പിൻനിലയും പാരമ്പര്യപ്രസക്തിയും ജനസംഖ്യാനിയന്ത്രണത്തിനു് അനുകൂലമായ അന്തരീക്ഷമല്ല ഇന്ത്യയിൽ ഉണ്ടാക്കിയിട്ടുള്ളതു്. സാധാരണക്കാർക്കിടയിൽ വലിയ സ്വാധീനമുള്ള നമ്മുടെ മിക്ക മതനേതാക്കളും ജനസംഖ്യാനിയന്ത്രണത്തിന്റെ കടുത്ത ശത്രുക്കളാണ്.

ഇന്ത്യയിലെ ജനസംഖ്യയിൽ 82.6 ശതമാനം ഹിന്ദുക്കളാണെന്നു കരുതപ്പെടുന്നു. 11.40 ശതമാനമാണ് മുസ്ലിങ്ങൾ. ക്രിസ്ത്യാനികൾ 2.40 ശതമാനവും. സിഖുകാർ ഇന്ത്യൻ ജനസംഖ്യയുടെ 1.9 ശതമാനമാണ്.

1971–1981–ൽ ഇന്ത്യയിൽ പൊതുവെ ജനവർദ്ധന ഇരുപത്തിമൂന്നു ശതമാനമായിരുന്നപ്പോൾ, ഇന്ത്യയിലെ മുസ്ലിങ്ങളുടെ വർദ്ധന മുപ്പതു ശതമാനമായിരുന്നു. 1921–ൽ ഇന്ത്യൻ ജനസംഖ്യയുടെ 0.5 ശതമാനം മാത്രമായിരുന്ന ക്രിസ്ത്യാനികൾ 1987–ൽ ഇന്ത്യൻ ജനസംഖ്യയുടെ 2.40 ശതമാനമായി ഉയർന്നു. ഇതിനർത്ഥം, ഇന്ത്യയിലെ ശരാശരി ജനവർദ്ധനയുടെ അഞ്ചിരട്ടിയോളമാണ് ഇന്ത്യൻ ക്രിസ്ത്യാനികളുടെ ഇടയിൽ ജനവർദ്ധന എന്നാണല്ലോ. ഇന്ത്യയിലെ മുസ്ലിംവിഭാഗങ്ങളും, അവരിലേറെ ക്രൈസ്തവ വിഭാഗങ്ങളും, ജനസംഖ്യാനിയന്ത്രണത്തെ അംഗീകരിക്കാത്തവരാണെന്നതിനു വേറെ തെളിവുകൾ ആവശ്യമില്ല.

അത്യന്തദുർബലമായ നമ്മുടെ ജനാധിപത്യസംവിധാനത്തിന്, മത–യാഥാസ്ഥിതിക–ശക്തികളോടെതിരിട്ടു ജനസംഖ്യാനിയന്ത്രണം ഊർജിതമാക്കുന്നതിനു് ആഗ്രഹമോ കഴിവോ ഇല്ല. ഇതിൻഫലമായി, ക്രിസ്തുവർഷം 2011 ആകുമ്പോഴേക്കും ലോകത്തിലെ ഏററവുമധികം ജനസംഖ്യയുള്ള രാഷ്ട്രം എന്ന പദവി ചൈനയിൽനിന്നു് ഇന്ത്യ പിടിച്ചുവാങ്ങാനിടയുണ്ട്. അതോടൊപ്പം, ഏററവുമധികം നിരക്ഷരരുള്ള രാജ്യം, ഏററവുമധികം അന്ധരും ബധിരരും വികലാംഗരുമുള്ള രാജ്യം, ഏററവുമധികം രോഗികൾ ഉള്ള രാജ്യം, ഏററവുമധികം വേശ്യകൾ ഉള്ള രാജ്യം, ഏററവുമധികം ദരിദ്രരുള്ള രാജ്യം, ഏററവുമധികം കുററങ്ങളുള്ള രാജ്യം—അങ്ങനെ വേറെയും പല 'പദവി'കളും നമ്മുടെ മാതൃരാജ്യത്തിനു് അനായാസമായി കൈവരും. ഈ ദുർദശ എങ്ങനെ ഒഴിവാക്കാമെന്നു നാം എവരും ഉഷ്ണിച്ചു ചിന്തിച്ചേ മതിയാവൂ.

## ജനസംഖ്യാനിയന്ത്രണമാർഗങ്ങൾ

ഭാഗ്യവശാൽ, ജനസംഖ്യാനിയന്ത്രണത്തിനു പല മാർഗങ്ങളുണ്ട്. ഒരു കുടുംബത്തിൽ (ഒരമ്മയും ഒരച്ഛനും) ഒരു കുട്ടി എന്ന തത്ത്വം ജനങ്ങൾ അംഗീകരിച്ചാൽ, അതു നടപ്പിൽവരുത്തുക അസാദ്ധ്യമല്ല.

വിവാഹപ്രായം ഉയർത്തുകയാണ് ജനസംഖ്യാനിയന്ത്രണത്തിന്റെ ആദ്യത്തെ പടി. വിവാഹപ്രായം ഉയർത്തുന്നതിൻ ഫലമായി യുവതീയുവാക്കൾക്കു കൂടുതൽ വിദ്യാഭ്യാസം നേടാനും വരുമാനമുള്ള ജീവിതവൃത്തികൾ കരസ്ഥമാക്കാനും സാഹചര്യം കൂടുതലുണ്ടാവുന്നു. വിവാഹപ്രായം, സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവേ, ഇരുപത്തഞ്ചു വയസ്സായി നിജപ്പെടുത്തുന്നതു പലതുകൊണ്ടും നല്ലതാണ്.

സ്ത്രീയുടെ അണ്ഡാശയത്തിൽനിന്ന് അണ്ഡം വിമോചിക്കപ്പെടുന്നതിനു തൊട്ടുമുമ്പും പിമ്പുമുള്ള ഏതാനും ദിവസങ്ങളിൽ സ്ത്രീപുരുഷസംയോഗം ഒഴിവാക്കുന്നതുവഴി ഗർഭോൽപ്പാദനം തടയാമെന്ന വസ്തുത മനുഷ്യർ പണ്ടേ മനസ്സിലാക്കിയിട്ടുണ്ട്. ജനനനിയന്ത്രണത്തിന് അംഗീകാര്യമായി മതനേതാക്കൾ പ്രചരിപ്പിക്കുന്ന മാർഗം ഇതാണ്. ആർത്തവചക്രത്തിനിടയ്ക്കു സ്ത്രീശരീരത്തിൽ സംഭവിക്കുന്ന രാസ--ജൈവ-പ്രക്രിയകളെക്കുറിച്ച് മനസ്സിലാക്കുന്നതു് ആവശ്യം തന്നെ. പക്ഷേ, ആത്മനിയന്ത്രണത്തിൽ അമിതമായ ഊന്നൽ നൽകുന്ന ഈ മാർഗം ജനസംഖ്യാനിയന്ത്രണത്തിനു സഹായകമല്ല.

സ്ത്രീപുരുഷസംയോഗത്തിനുശേഷം സ്ത്രീശരീരത്തിനകത്തുവെച്ച് അണ്ഡസേകം (ഫെർട്ടിലൈസേഷൻ) സംഭവിക്കാതിരിക്കുന്നതിനു റബർ ഉറകൾ, രാസവസ്തുക്കൾ മുതലായവയുടെ ഉപയോഗം അരനൂററാണ്ടിലേറെ കാലമായി പരിഷ്കൃതരാജ്യങ്ങളിൽ നിലവിലുണ്ട്. ഈ ഉപകരണങ്ങൾ ഇന്ത്യയിൽ സാർവത്രികമായി പ്രചരിപ്പിക്കുകയും ചുരുങ്ങിയ വിലയ്ക്കോ വിലയില്ലാതെയോ ആവശ്യക്കാർക്കു ലഭ്യമാക്കുകയും വേണം.

സിക്താണ്ഡത്തെ വളരാനനുവദിക്കാതെ പുറംതള്ളുന്നതിനു ഗർഭപാത്രത്തിൽ ചെമ്പുകൊണ്ടും മററുമുള്ള ചില വസ്തുക്കൾ (ലൂപ്പ്, കോപ്പർ ടി) നിക്ഷേപിക്കുന്ന സമ്പ്രദായത്തിന് ഇന്ത്യയിൽ അരനൂററാണ്ടിലേറെ പഴക്കമുണ്ട്. ആർത്തവചക്രത്തിലെ ഏതാനും ദിവസങ്ങളിൽ അകത്തേക്കു കഴിച്ചാൽ ഇതേ ഫലം ഉളവാക്കുന്ന ഗുളികകളും സുലഭങ്ങളാണ്. അണ്ഡസേകം നടന്നതായി സംശയിക്കപ്പെട്ടാൽ ഏതാനും ആഴ്ചകൾക്കകം ഒരൊററ തവണ മാത്രം ഉപയോഗിക്കേണ്ട ഗുളികകളും ഇപ്പോൾ പ്രചാരത്തിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഗർഭധാരണത്തിൻെറ ആദ്യത്തെ ഏതാനും ആഴ്ചകളിൽ ഭ്രൂണത്തെ പുറത്തെടുത്തുകളയുന്നതിനുള്ള ശസ്ത്രക്രിയ ഇന്ത്യയിലെ മിക്ക ആസ്പത്രികളിലും സൗജന്യമായി ചെയ്തുകൊടുക്കുന്നുണ്ട്.

ഗർഭപാത്രത്തിലേക്ക് അണ്ഡനിക്ഷേപം തടയാൻ സ്ത്രീകളിലും ശുക്ലത്തിൽ ബീജങ്ങൾ പ്രവേശിക്കാതിരിക്കാൻ പുരുഷന്മാരിലും നടത്തുന്ന ശസ്ത്രക്രിയകൾക്കും വർഷങ്ങളുടെ പഴക്കമുണ്ട്. ഗർഭനിരോധത്തിന് ഇനിയും പല തന്ത്രങ്ങളും ഇപ്പോൾ പരീക്ഷണദശയിലിരിക്കുന്നു. ഈ ഗർഭനിരോധോപായങ്ങളെപ്പററിയൊക്കെ വസ്തുനിഷ്ഠവും ശാസ്ത്രീയവും ഭ്രമരഹിതവുമായ ബോധം ജനങ്ങൾക്ക് ഉളവാക്കിയാൽ, തങ്ങളുടെ അഭിരുചിക്കും കഴിവിനും യോജിച്ച മാർഗങ്ങൾ അവരിൽ പലരും സ്വയം തിരഞ്ഞെടുത്തു നടപ്പിൽവരുത്തിക്കൊള്ളുമെന്നു പ്രതീക്ഷിക്കാം.

## ജനസംഖ്യാനിയന്ത്രണ വിദ്യാഭ്യാസം

രാജ്യത്തിലെ ഓരോ യുവതിയുടെയും യുവാവിൻെറയും ഇച്ഛാപൂർവകവും നിരന്തരവുമായ പ്രവർത്തനത്തിലൂടെ മാത്രമേ ജനസംഖ്യാനിയന്ത്രണമെന്ന ലക്ഷ്യം നേടാനാവൂ. ജനസംഖ്യാവർദ്ധനയുടെ ആപത്തുകൾ, ജനസംഖ്യാവർദ്ധന തടയുന്നതിൽ ഓരോ പൗരനുമുള്ള ഉത്തരവാദിത്തം, ജനസംഖ്യാനിയന്ത്രണോപാധികൾ, ഈ ഉപാധികൾ ഉപയോഗിച്ച് ഗർഭധാരണം നിയന്ത്രിക്കുന്ന പ്രായോഗിക മാർഗം എന്ന നാലു് 'ആര്യസത്യ'ങ്ങളെപ്പററി ഓരോ പൗരനും ശരിയായ ബോധം ഉളവാക്കുന്നതു് ഇന്നത്തെ അടിയന്തരാവശ്യമാകുന്നു.

ഇന്ത്യയിൽ കുറെ വർഷത്തേക്ക് അനൗപചാരിക വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാന ഭാഗം ഈ ഉദ്ബോധനം ആയിരിക്കണം. റേഡിയോ, ടെലിവിഷൻ എന്നീ 'സർക്കാർ' മാധ്യമങ്ങൾക്കു പുറമെ സിനിമ, പത്രങ്ങൾ, ആനുകാലികങ്ങൾ, പുസ്തകങ്ങൾ എന്നിവയും, പ്രസംഗങ്ങളും കലാപ്രകടനങ്ങളും മററും ഈ ഉദ്ബോധനത്തിനു ബുദ്ധിപൂർവം ഉപയോഗപ്പെടുത്താവുന്നതാണ്.

ഔപചാരിക വിദ്യാഭ്യാസത്തിൽ ഈ വിഷയം ഉൾപ്പെടുത്തുന്നതിന്

യാഥാസ്ഥിതികവിഭാഗം എതിരായിരിക്കും. അവരുടെ എതിർപ്പിന്റെ ശക്തി കുറയ്ക്കേണ്ടതെങ്ങനെ എന്ന് ആലോചിക്കേണ്ടതാണ്. ആൺകുട്ടികളും പെൺകുട്ടികളുമടങ്ങിയ ക്ലാസുകളിൽ അശ്ലീലമാകാതെ ഈ വിഷയം ചർച്ചചെയ്യാൻ പ്രയാസം കണ്ടേക്കാം. പക്ഷേ, ജനസംഖ്യാപ്രശ്നത്തിന്റെ താത്ത്വികവശങ്ങൾ ഇത്തരം ക്ലാസുകളിൽ പ്രതിപാദിക്കുക പ്രയാസമുള്ള കാര്യമല്ല. അതേ സമയം, ഗർഭനിരോധത്തിന്റെ പ്രായോഗികവശങ്ങൾ സ്ത്രീവിദ്യാഭ്യാസത്തിന്റെ പ്രമുഖ ഘടകമായിരിക്കേണ്ടതാണ്. തന്റെ ശരീരം എങ്ങനെ ഉപയോഗിക്കപ്പെടണം എന്ന കാര്യത്തിൽ ആത്യന്തികമായ തീരുമാനം എടുക്കാനുള്ള അർഹതയും ഉത്തരവാദിത്വവും സ്ത്രീക്കാണല്ലോ.

(1989 ജനുവരി 25-ാം തീയതി കോഴിക്കോട് സർവകലാശാലയിൽ നടന്ന ഒരു സെമിനാറിൽ അവതരിപ്പിച്ചത്).

# 10. വ്യാകരണ പരിഭാഷകൾ

വൈദികസംസ്കൃതത്തെ കുറിക്കുന്നതിന് 'ഛന്ദസ്' എന്ന പദവും ലൗകികസംസ്കൃതത്തെ കുറിക്കുന്നതിന് 'ഭാഷ' എന്ന പദവും പാണിനി ഉപയോഗിക്കുന്നു. ഒരേ ഭാഷയുടെ രണ്ടു ശൈലീഭേദങ്ങൾ ആയിട്ടാണ് പാണിനി വൈദിക–ലൗകിക സംസ്കൃതങ്ങളെ പരിഗണിച്ചിരുന്നത്. ഇവ രണ്ടിനും പൊതുവിലുള്ള വ്യാകരണമാണ് പാണിനിയുടെ അഷ്ടാധ്യായി സൂത്രപാഠം. രണ്ടു ശൈലീഭേദങ്ങൾക്കും പൊതുവായ നിയമങ്ങൾ സാമാന്യമായി പ്രതിപാദിക്കുന്നതിനിടയ്ക്കു ഭാഷയിൽ നിന്നു വ്യതിരിക്തമായി ഛന്ദസ്സിലോ ഛന്ദസ്സിൽനിന്നു വ്യതിരിക്തമായി ഭാഷയിലോ ഉള്ള സവിശേഷതകൾ അതാതിടങ്ങളിൽ പാണിനി എടുത്തു പറയുന്നു.

പേരു സൂചിപ്പിക്കുന്നതുപോലെ സൂത്രങ്ങളുടെ രൂപത്തിലാണ് പാണിനി തന്റെ വ്യാകരണഗ്രന്ഥം നിബന്ധിച്ചിട്ടുള്ളത്.

'അല്പാക്ഷര മസന്ദിഗ്ദ്ധം സാരവദ്വിശ്വതോ മുഖം
അസ്തോഭ മനവദ്യം ച സൂത്രം സൂത്രവിദോ വിദുഃ'

എന്നതാണ് അതിപ്രസിദ്ധമായ സൂത്രവിവരണം. പാണിനിയുടെ വ്യാകരണസൂത്രങ്ങൾക്കു പുറമേ ഗൗതമാദികളുടെ ധർമസൂത്രങ്ങൾ, ജൈമിനിയുടെ പൂർവമീമാംസാസൂത്രങ്ങൾ, ബാദരായണന്റെ ബ്രഹ്മസൂത്രങ്ങൾ, കണാദന്റെ വൈശേഷികസൂത്രങ്ങൾ, ഗൗതമന്റെ ന്യായസൂത്രങ്ങൾ, കപിലന്റെ സാംഖ്യസൂത്രങ്ങൾ, പതഞ്ജലിയുടെ യോഗസൂത്രങ്ങൾ, കൗടല്യന്റെ അർത്ഥശാസ്ത്രം, വാത്സ്യായനന്റെ കാമശാസ്ത്രം, നാരദന്റെ ഭക്തിസൂത്രങ്ങൾ മുതലായവയും സൂത്രരൂപത്തിൽ രചിക്കപ്പെട്ടിരിക്കുന്നു.

മുമ്പ് ഉദ്ധരിച്ച സൂത്രവിവരണ പദ്യത്തിലെ ആദ്യപദം 'അല്പാക്ഷരം' എന്നതാണല്ലോ. അക്ഷരസംക്ഷേപണവിഷയത്തിൽ പാണിനി മററു സൂത്രകാരന്മാരെക്കാൾ എത്രയോ മുന്നിലാണ്. 'അർദ്ധമാത്രാലാഘവേന പുത്രോത്സവം മന്യന്തേ വൈയാകരണാഃ' എന്ന ചൊല്ല് ഏറെ പ്രസിദ്ധമാകുന്നു. സാധാരണ വാക്യങ്ങളിലുള്ളതുപോലെ ക്രിയാപദമോ കർതൃകർമാദികാരകങ്ങളോ സൂത്രവാക്യങ്ങളിൽ കാണുകയില്ല. അർത്ഥപൂർത്തിക്കായി അവയിൽ പല പദങ്ങളും പൂർവസൂത്രങ്ങളിൽനിന്ന് അനുവർത്തിക്കുകയോ സന്ദർഭാനുസൃതമായി അധ്യാഹരിക്കുകയോ വേണം. ഇതിനും പുറമേ സൂത്രങ്ങളിൽ അക്ഷരം ചുരുക്കുന്നതിനായി പാണിനി പല സംജ്ഞകളും പരിഭാഷകളും ഉപയോഗപ്പെടുത്തുന്നു. ധാതു, പ്രാതിപദികം, പ്രത്യയം, പദം, അംഗം, സമാസം, സർവനാമം, പ്രഗൃഹ്യം, ആമ്രേഡിതം, അഭ്യാസം, ഗുണം, വൃദ്ധി, ഹ്രസ്വം, ദീർഘം, പ്ലുതം, സംയോഗം, സവർണം,